നിയമസഭാനടപടികൾ

അഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

1979 മാർച്ച് 26, തിങ്കൾ

വാല്യം XLVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 27

നിയമസഭ 1979 മാർച്ച് 26-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

കുടുംബാസൂത്രണ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്ന തുക

*617 [661] ശ്രീ. തെന്നല ബാലകൃഷ്ണപിള്ള:

,, പി. ബാലൻ:

,, ടി. എച്ച്. മുസ്തഫ:

,, കെ. രാഘവൻ മാസ്റ്റർ:

,, എം. വി. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബാസൂത്രണ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്ന തുകയിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് കുറവു വരുത്തിയിട്ടുണ്ടോ;

(ബി) കഴിഞ്ഞ നാലുവർഷങ്ങളിൽ ഈ ഇനത്തിൽ ചെലവഴിച്ച സംഖ്യ എത്ര;

(സി) ഈ രംഗത്ത് നമ്മുടെ സംസ്ഥാനത്തെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

പൊതുജനാരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ഉണ്ട്. വന്ധീകരണ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർക്ക് നൽകിവരുന്ന ധനസഹായത്തിൽ 1-7-1977 മുതൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനസർക്കാർ ഓരോ ശസ്ത്രക്രിയയ്ക്കും 30 രൂപ വീതം നൽകിവന്നിരുന്ന സഹായം 1-4-1977 മുതൽ നിർത്തലാക്കിയിട്ടുണ്ട്.

(ബി)

1974-75	2,70,05,200
1975-76	3,93,07,996
1976-77	6,27,16,956
1977-78	4,28,15,525

(സി) ഉണ്ട്.

(ഡി) സംസ്ഥാനതലത്തിൽ പുരോഗതി അവലോകനം ചെയ്യുന്നതിന് മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഒരു ക്യാബിനറ്റ് സബ്കമ്മിറ്റിയും ആരോഗ്യവകുപ്പു മന്ത്രി അദ്ധ്യക്ഷനായി സംസ്ഥാന കുടുംബക്ഷേമ കൗൺസിലും ആരോഗ്യവകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായി ഓരോ മാസത്തെയും പെർഫോമൻസ് റിവ്യൂ ചെയ്യുന്നതിനുള്ള കമ്മിറ്റിയും കൂടാതെ ജില്ലാതലത്തിലും ബ്ലോക്കുതലത്തിലും അവലോകനം ചെയ്യുന്നതിനുള്ള സംവിധാനവുമുണ്ട്. ഇതു കൂടാതെ സംസ്ഥാനത്തെ കുടുംബാസൂത്രണ പ്രവർത്തനം അവലോകനം ചെയ്യാനായി 20-12-1975-ൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെൻറിന് ലഭിച്ചിട്ടില്ല.

ഈ പരിപാടിയുടെ ആരംഭം മുതൽ 1979 ജനുവരി വരെയായി 799,015 പുരുഷൻമാരും 544,733 സ്ത്രീകളും ഉൾപ്പെടെ 1,343,778 പേർ വന്ധീകരണ ശസ്ത്രക്രിയയ്ക്ക് വിധേയരായിട്ടുണ്ട്, 373,103 സ്ത്രീകൾ ലൂപ്പ് നിക്ഷേപം നടത്തിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ കൊണ്ട് 17 ലക്ഷത്തിലേറെ ജനനങ്ങൾ ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്. ആറാം പദ്ധതിയുടെ അവസാനത്തോടുകൂടി ജനനനിരക്ക് 1000-ന് 30 ആക്കി കുറയ്ക്കണമെന്നതാണ് കേന്ദ്ര സർക്കാരിന്റെ ലക്ഷ്യം. എന്നാൽ നമുക്ക് ഈ ലക്ഷ്യം 1973-ലേ നേടാൻ കഴിഞ്ഞു. 1976-ലെ കണക്കു പ്രകാരം ജനനനിരക്ക് 27 ആയി കുറഞ്ഞിട്ടുണ്ട്.

ശ്രീ. തെന്നല ബാലകൃഷ്ണപിള്ള: ഇതിനുമുമ്പ് ഈ ശസ്ത്രക്രിയ നടത്തുന്ന ആളുകൾക്ക് ധനസഹായത്തിനു പുറമേ ചില പാരിതോഷികങ്ങളും കൊടുക്കുന്ന പദ്ധതിയുണ്ടായിരുന്നു. ഇപ്പോഴത് ഉപേക്ഷിച്ചു കുറവ് ചെയ്തതിന് പ്രത്യേകമായ എന്തെങ്കിലും സാഹചര്യം ഉണ്ടായിട്ടുണ്ടോ?

ശ്രീ. കെ. പി. പ്രഭാകരൻ: ഗവൺമെൻറ് കൊടുക്കുന്ന സംഖ്യയുടെ കാര്യമാണ് പറഞ്ഞത്. ഇതിനുവേണ്ടി പ്രത്യേക ക്യാമ്പ് സംഘടിപ്പിക്കുന്ന സമയത്ത് പൊതു സംഭാവനകളും ശേഖരിച്ച് ക്യാമ്പ് നടത്തുന്ന കമ്മിറ്റിയാണ് പാരിതോഷികം കൊടുക്കുന്നത്. അത് നിർത്താൻ പ്രത്യേക കാരണമൊന്നുമില്ല. ഇപ്പോഴും കൊടുക്കാവുന്നതാണ്.

ശ്രീ. പി. ബാലൻ: സന്താനനിയന്ത്രണം പൂർണ്ണമായി ഫലപ്രാപ്തിയിലെത്തി എന്നുള്ളതു കൊണ്ടാണോ സൗജന്യം കുറയ്ക്കാൻ ഗവൺമെൻറ് തീരുമാനിച്ചത്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. പ്രഭാകരൻ: സംസ്ഥാനഗവൺമെന്റ് നിർത്തിയതു് സാമ്പത്തിക പരിമിതി മൂലമാണു്. വീണ്ടും നടപ്പാക്കാൻ ആലോചിക്കുന്നുണ്ടു്.

ശ്രീ. പി. ബാലൻ: വന്ധ്യംകരണശസ്ത്രക്രിയ അടിയന്തിരാവസ്ഥയിൽ ചെയ്തിട്ടുള്ളവർക്കു് അംഗവൈകല്യം വന്നിട്ടുണ്ടെന്നു് തെളിയിച്ചാൽ അയ്യായിരം രൂപ കൊടുക്കുന്നതാണെന്നു് കേന്ദ്രഗവൺമെന്റിന്റെ ഒരു പ്രഖ്യാപനമുണ്ടായിരുന്നു. അതനുസരിച്ചു് കേരളത്തിൽ എത്രപേർക്കു് അയ്യായിരം രൂപ കിട്ടിയിട്ടുണ്ടു്?

ശ്രീ. കെ. പി. പ്രഭാകരൻ: പ്രത്യേക ചോദ്യം ചോദിച്ചാൽ വിവരം ശേഖരിച്ചു് പറയാം.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: ഫാമിലി പ്ലാനിംഗിനു് പ്രാധാന്യം കുറഞ്ഞു. കുടുംബ സൗഭാഗ്യയജ്ഞം എന്ന പേരു് മാറി പുതിയ പരിപാടി ആവിഷ്ക്കരിച്ചിരിക്കുന്നു. കുടുംബ സൗഭാഗ്യയജ്ഞത്തിനു് ഫാമിലി പ്ലാനിംഗിൽനിന്നു് എന്തെങ്കിലും പ്രാധാന്യമുണ്ടോയെന്നു് വ്യക്തമാക്കുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: കുടുംബ സൗഭാഗ്യ യജ്ഞം എന്നു് പേരു് മാറിയതു് അടിയന്തിരാവസ്ഥക്കാലത്തു് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ കുടുംബാസൂത്രണത്തിന്റെ പേരിൽ ബലപ്രയോഗം നടത്തുന്നതു സംബന്ധിച്ചു് ജനങ്ങളുടെ ഇടയിൽ വ്യാപകമായ പരാതിയുണ്ടായതിന്റെ ഫലമായിട്ടാണു്. പേരു് മാറ്റം വന്നതുകൊണ്ടു് കേരള സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇതിന്റെ പുരോഗതിക്കു് തടസ്സമായിട്ടുണ്ടെന്നാണു് ഈ വർഷത്തെ പ്രവർത്തനപുരോഗതി അവലോകനം ചെയ്തപ്പോഴും കിട്ടിയ റിപ്പോർട്ടു്. ഇവിടെ അത്തരത്തിലുള്ള ബലപ്രയോഗം കൂടാതെ തന്നെ 1973-ൽ തന്നെ ആറാം പഞ്ചവത്സര പദ്ധതിയുടെ അവസാനം നേടേണ്ട ലക്ഷ്യം നേടികഴിഞ്ഞതാണു്. ഇവിടെ അത്തരത്തിലുള്ള ബലപ്രയോഗങ്ങളൊന്നും ഉണ്ടായിരുന്നില്ല. കുടുംബാസൂത്രണം സൗഭാഗ്യപദ്ധതിയായി മാറികഴിഞ്ഞപ്പോഴാണു് ആളുകളുടെ ഇടയിൽ കുടുംബാസൂത്രണം തന്നെയാണോ എന്ന സംശയം വന്നു. കുടുംബാസൂത്രണം ആണു് കേരളത്തിലെ ജനങ്ങളുടെ ഹൃദയത്തിൽ എത്തിയിട്ടുള്ളതു് എന്നാണു് ക്യാമ്പു് സംഘടിപ്പിച്ചതിന്റെ ഫലമായിട്ടു് കിട്ടിയ റിപ്പോർട്ടു്. ഇത്തവണ ഈ ക്യാമ്പു് കൂടുതൽ വിജയപ്രദമാക്കുന്നതിനു് കുടുംബാസൂത്രണമെന്നു് പറഞ്ഞു തന്നെ നടപ്പാക്കാനാണു് തീരുമാനിച്ചതു്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: കുടുംബാസൂത്രണ പരിപാടി ആളുകളുടെ ഇടയിൽ കുറഞ്ഞുവരുന്നുവെന്നു് പറഞ്ഞു. അതിനെ കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കൂടുതൽ ആകർഷകമായ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. പി. പ്രഭാകരൻ: കഴിഞ്ഞ രണ്ടു വർഷമായിട്ടു് എണ്ണം കുറഞ്ഞു. കാരണം കേരളത്തിൽ ഇതു് തുടങ്ങിയ കാലത്തെ അത്ര സാദ്ധ്യത ഇപ്പോഴില്ല. ആയിരം ജനസംഖ്യയിൽ 140 ദമ്പതികളാണു് ഉള്ളതു്. മുപ്പത്തു് ശതമാനം വന്ധ്യംകരണ ശസ്ത്രക്രിയയും മറ്റു് നിയന്ത്രണങ്ങളും സ്വീകരിച്ചവരാണു്. കാലദൈർഘ്യം പാലിക്കുന്നതിനുള്ള പല മാർഗ്ഗങ്ങളും ആരംഭിച്ചിരിക്കുന്നതുകൊണ്ടു് വളരെ പെട്ടെന്നു് കുടുംബാസൂത്രണം

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കാൻ ഇപ്പോഴും ആളുകളും മുന്നോട്ടു വരുന്നില്ല. പ്രോത്സാഹനത്തിന്റെ കുറവ് മാത്രമല്ല കാരണം. ഗവൺമെന്റ് നിർത്തലാക്കിയ മുപ്പത്തു രൂപകൂടിവീണ്ടും പുനരാരംഭിക്കാൻ ആലോചിക്കുന്നുണ്ട്.

ശ്രീ. എം. വി. രാജൻ: പൊതുവിൽ വലിയ ആകർഷണങ്ങളും ഉയർന്നുവന്നതും ഗവൺമെന്റ് അനേഷണത്തിനു് എർപ്പാടു് ചെയ്തതുമായ തലശ്ശേരി ആശുപത്രിയിലെ മരണങ്ങളിൽ ചിലതു് ഈ ശസ്ത്രക്രിയയെ തുടർന്നായിരുന്നു. അങ്ങനെ മരിച്ച ആളുകളുടെ കുടുംബത്തിനു് വല്ല നഷ്ട പരിഹാരവും കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. വി. പ്രഭാകരൻ: അതിൽ ഒരു കേസ്സ് പെൻറിങ്ങിലുണ്ട്. ധനസഹായം നൽകുന്നതിന് അർഹതപ്പെട്ട കേസ്സാണെന്നാണ് മനസ്സിലാകുന്നത്. പ്രത്യേകമായി പരിശോധിച്ച് റെക്കമെൻറ് ചെയ്യാനായിട്ട് ഒരു കമ്മിറ്റിയുണ്ട്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയാലുടൻ തന്നെ കൊടുക്കുന്നതാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: കുടുംബാസൂത്രണ ശസ്ത്രക്രിയ നടത്തിയിട്ടുള്ള നിരവധി പുരുഷൻമാരുടെ ഭാര്യമാർ പ്രസവിച്ചിട്ടുള്ളതായി വളരെയധികം റിപ്പോർട്ട് ഉണ്ടായിട്ടുണ്ട്. ഇതിനു് വല്ല പ്രത്യേക കാരണവുമുണ്ടോയെന്നു് ഗവൺമെൻറ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. കെ. വി. പ്രഭാകരൻ: നിരവധിപേർ പ്രസവിച്ചിട്ടുള്ളതായി റിപ്പോർട്ടില്ല. അങ്ങനെയുള്ള ചില കേസ്സുകൾ ഉള്ളതായിട്ടറിയാം. ശസ്ത്രക്രിയ പൂർണ്ണമായി വിജയിച്ചു കൊള്ളണമെന്നില്ല. അതു കൊണ്ടാണ് അങ്ങനെ സംഭവിച്ചത്.

ശ്രീ. വി. ജെ. ജോസഫ്: കേന്ദ്രഗവൺമെൻറിന്റെ സഹായത്തോടുകൂടി സ്ഥാപിക്കുന്ന ബ്രിട്ടീഷ് ടൈപ്പ് ഓഫ് സെറ്റിലൈസേഷൻ വാർഡ് ധാരാളം കുടുംബാസൂത്രണ ശസ്ത്രക്രിയ നടത്തുന്ന മൂവാറ്റുപുഴ താലൂക്ക് ആശുപത്രിപോലുള്ള ആശുപത്രികളിൽ ഇല്ലെന്നുള്ള കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അങ്ങനെയുള്ള താലൂക്ക് ആശുപത്രികളിൽകൂടി ബ്രിട്ടീഷ് ടൈപ്പ് ഓഫ് സെറ്റിലൈസേഷൻ വാർഡ് സ്ഥാപിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെൻറിന്റെ മുമ്പിൽ ശുപാർശചെയ്യാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. വി. പ്രഭാകരൻ: ഡിസ്ട്രിക്ട് താലൂക്ക് ആശുപത്രികളിൽ സംസ്ഥാന ഗവൺമെൻറിന്റെ ചുമതലയിൽതന്നെ കുടുംബാസൂത്രണ ശസ്ത്രക്രിയ ഏർപ്പെടുത്തുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്. പ്രത്യേക ആശുപത്രികളും ഇല്ലെങ്കിൽ അതെപ്പറ്റി ആലോചിക്കാം. ബ്രിട്ടീഷ് എയിഡ് പ്രോഗ്രാം അനുസരിച്ചുള്ള നടപടി പബ്ലിക് ഹെൽത്ത് സെൻറുകളിലാണ് നടപ്പാക്കികൊണ്ടിരിക്കുന്നത്. പിന്നീട് കേന്ദ്രത്തിൽ നടപടി ആരംഭിച്ചിട്ടുണ്ട്.

ശ്രീ. എം. വി. രാഘവൻ: 1975-76, 1976-77 കാലത്ത് എമൗണ്ട് കൂട്ടാൻ കാരണം സഞ്ജയ് ഗാന്ധിയുടെ അഞ്ചിനപരിപാടി അനുസരിച്ച് കേന്ദ്രഗവൺമെൻറിന്റെ നിർദ്ദേശമനുസരിച്ചാണ്. അഞ്ചിനപരിപാടി നടപ്പിൽ വരുത്തുകയല്ലേ 1975-76, 1976-77 കാലത്ത് ഈ ഗവൺമെൻറ് ചെയ്തതെന്നു് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. പ്രഭാകരൻ: സഞ്ജയ് ഗാന്ധിയുടെ പരിപാടിയാണോയെന്ന് അറിയില്ല. കേന്ദ്രഗവൺമെന്റ് ഇതിനുവേണ്ടി കൂടുതൽ തുക നിർലോഭമായി ചെലവാക്കിയിരുന്നു. അതുകൊണ്ടാണ് കൂടുതലായി നടത്താൻ സാധിച്ചത്.

ശ്രീ. ഇ. പി. ഗോപാലൻ: കേരളത്തിൽ നടത്തിയിട്ടുള്ള കുടുംബാസൂത്രണ പ്രവർത്തനങ്ങളിൽ ചില സമുദായങ്ങൾ ഒഴിഞ്ഞു എന്നും മാറു ചില സമുദായങ്ങളിലാണ് പ്രയോഗിച്ചിട്ടുള്ളതെന്നുമുള്ള വല്ല പരാതിയും ഉണ്ടായിട്ടുണ്ടോ ? ഉണ്ടെങ്കിൽ പൊതുവേ ജനസംഖ്യയെ നിയന്ത്രിക്കുന്നതിനുള്ള ഇനിയുള്ള നടപടികൾ എന്തൊക്കെയാണ് ?

ശ്രീ. കെ. പി. പ്രഭാകരൻ: അങ്ങനെ പ്രത്യേക സമുദായം ഒഴിഞ്ഞു നിന്നതായി പരാതിയില്ല. ഏറെക്കുറച്ചിലുകൾ കണ്ടേക്കാം. കേരളത്തിൽ എല്ലാ സമുദായക്കാരും കുടുംബാസൂത്രണം സ്വീകരിച്ചുവരുന്നതായാണ് അറിവ്.

ശ്രീ. എ. എൻ. യൂസഫ്: കുടുംബാസൂത്രണ ശസ്ത്രക്രിയ നടത്തിയതിനുശേഷം പല ആൾക്കാരും നിത്യരോഗികളായിത്തീരുന്നതിനെ സംബന്ധിച്ച് ഗവൺമെന്റിനു വല്ല പരാതിയും കിട്ടിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവർക്ക് കാര്യമായ വല്ല സഹായവും ചെയ്തുകൊടുക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. പി. പ്രഭാകരൻ: അങ്ങനെ ശ്രദ്ധയിൽപ്പെടുത്തിയാൽ ഇതിനുവേണ്ടി സഹായധനം കൊടുക്കുന്നതിനുള്ള വ്യവസ്ഥയുണ്ട്. ഇങ്ങനെയുള്ള കേസുകൾ പരിശോധിച്ച് വേണ്ട സഹായം നൽകുന്നതിനായി ഒരു കമ്മിറ്റിയുണ്ട്, അതിനുള്ള സംവിധാനമുണ്ട്. ആ നിലയിൽ വന്നാൽ സംസ്ഥാന ഗവൺമെന്റിന്റെ കഴിവനുസരിച്ചുള്ള സഹായം ചെയ്യാറുണ്ട്.

ശ്രീ. പി. ആർ. കുറുപ്പ്: 1977-78-ൽ ഇതിനുവേണ്ടി നീക്കിവച്ചിട്ടുള്ള സംഖ്യ മുഴുവൻ ചെലവാക്കിയിട്ടുണ്ടോ ? അല്ലെങ്കിൽ ധാരാളം സംഖ്യ ചെലവാക്കാതെ ബാക്കിയുള്ളതുകൊണ്ടല്ലേ പുതുതായുള്ള അലോട്ട്മെന്റ് ചുരുക്കാൻ കാരണം ?

ശ്രീ. കെ. പി. പ്രഭാകരൻ: 1977-78-ൽ നീക്കിവച്ചത് ചെലവാക്കിയതിന്റെ കണക്ക് ഇപ്പോൾ എന്റെ കൈവശമില്ല. പരിശോധിച്ച് പറയാം.

ശ്രീ. പി. കരുണാകരൻ: 1974 മുതൽ 1977 വരെയുള്ള കണക്കനുസരിച്ച് 1975-76 കാലഘട്ടത്തിലാണ് ഏറ്റവുമധികം പണം ചെലവഴിച്ച് കുടുംബാസൂത്രണ ശസ്ത്രക്രിയ നടത്തിയിട്ടുള്ളതെന്നു പറഞ്ഞു. അടിയന്തിരാവസ്ഥ കാലഘട്ടത്തിൽ ഗവൺമെന്റുദ്യോഗസ്ഥൻമാർ ഒരു വർഷം അല്ലെങ്കിൽ ഒരു മാസം ഇത്ര ആൾക്കാരെ നിർബന്ധമായി വന്ധീകരിക്കണമെന്ന ഒരു നിയമം നിലവിൽ ഉണ്ടായിരുന്നതിന്റെ ഫലമായിട്ടല്ലേ ഈ വർദ്ധനവുണ്ടായിട്ടുള്ളത് ?

ശ്രീ. കെ. പി. പ്രഭാകരൻ: 1976-77-ലാണ് 75-76 നേക്കാൾ കൂടുതൽ സംഖ്യ ഇതിനുവേണ്ടി ചെലവാക്കിയിട്ടുള്ളത്. ആ കാലത്ത് പൊതുവേ ഏതു പരിപാടി നടപ്പാക്കുന്നതിനും ഗവൺമെന്റുദ്യോഗസ്ഥൻമാർക്ക് സ്വൽപ്പം ജാഗ്രതകൂടുതലുണ്ടായിരുന്നു എന്നുള്ളത് നമുക്കറിയാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കല്ലട നാരായണൻ: നമ്മുടെ സംസ്ഥാനത്ത് കുടുംബാസൂത്രണം നടത്തിയിട്ടുള്ള എത്ര മന്ത്രിമാരും എത്ര എം. എൽ. എ. മാരും ഉണ്ടെന്നുള്ളതിന്റെ വല്ല കണക്കും ഗവൺമെന്റിന്റെ പക്കൽ ഉണ്ടോ ?

മി. സ്പീക്കർ: അതു വേറെ ചോദ്യമാണ്.

ശ്രീ. സി. എ. കുര്യൻ: കുടുംബാസൂത്രണത്തിന്റെ ഭാഗമായി ശസ്ത്രക്രിയക്ക് വിധേയരാകുന്ന ആളുകൾക്ക് പിന്നീട് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നത് ഒരു ഫാളോ അപ്പ് ആക്ഷൻ ഇല്ലാത്തതുകൊണ്ടാണ്. അങ്ങനെയാണ് ഈ പ്രവർത്തനങ്ങൾ പരാജയപ്പെടുന്നത്. അതുകൊണ്ട് ഒരു ഫാളോ അപ്പ് ആക്ഷൻവച്ചുകൊണ്ട് ശസ്ത്രക്രിയ നടത്തിയവരെ പിന്നീട് മൂന്നുമാസം കഴിഞ്ഞോ ആറു മാസം കഴിഞ്ഞോ പരിശോധിക്കുന്നതിനുള്ള എന്തെങ്കിലും ഏർപ്പാട് ചെയ്യുമോ ?

ശ്രീ. കെ. പി. പ്രഭാകരൻ: അങ്ങനെ ഫാളോ അപ്പ് ആക്ഷൻ ഇല്ലാത്തതുകൊണ്ട് ഇതു കുറഞ്ഞുവരുന്നു എന്നുള്ള അഭിപ്രായം ഗവൺമെന്റിനില്ല. ഇന്നു പരിശോധിക്കുന്നതിനുള്ള എല്ലാ സംവിധാനവും താലൂക്കാശുപത്രികളിലുണ്ട്, പബ്ലിക്ക് ഹെൽത്ത് സെന്ററുകളിൽ ഉണ്ട്.

ശ്രീ. പി. ആർ. ഫ്രാൻസിസ്: ഇതുവരെ എത്ര കുടുംബങ്ങൾ ശസ്ത്രക്രിയക്ക് വിധേയരാകാതെ ആത്മനിയന്ത്രണം പാലിച്ചിട്ടുണ്ട് എന്നുള്ളതിന്റെ വല്ല കണക്കും ഗവൺമെന്റിന്റെ പക്കലുണ്ടോ? കുടുംബാസൂത്രണ ശസ്ത്രക്രിയകളുടെ എണ്ണം ഇപ്പോൾ ചുരുങ്ങിവരുന്നതുകൊണ്ട് ഇതിന് കൂടുതൽ പ്രചരണം നടത്താൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: അതിന്റെ വിവരം ഇപ്പോൾ ഗവൺമെന്റിന്റെ കൈവശമില്ല. ശസ്ത്രക്രിയയുടെ കണക്കാണുള്ളത്.

ശ്രീ. സേവ്യർ അറയ്ക്കൽ: ശസ്ത്രക്രിയ വിപുലമായി നടത്തിയതിന്റെ ഫലമായി എൽ. പി. സ്കൂളുകളിൽ വേണ്ടത്ര വിദ്യാർത്ഥികൾ ഇല്ലാത്തതുകൊണ്ട് പല സ്ഥലത്തും ഡിവിഷൻ അടച്ചുപൂട്ടിയിട്ടുണ്ട്. ഏതായാലും സ്കൂളുകൾ പണിയാനുള്ള പദ്ധതിയില്ല. അതുകൊണ്ട് ഇതു വിപുലമാക്കികൊണ്ട് കൂടുതൽ ഊർജ്ജസ്വലമായി നടപ്പാക്കാൻ ഗവൺമെന്റ് മുൻകൈ എടുക്കുമോ ?

ശ്രീ. കെ. പി. പ്രഭാകരൻ: സ്കൂൾ കുട്ടികളുടെ എണ്ണം കുറയാൻ ചിലപ്പോൾ സാദ്ധ്യതയുണ്ടായിരിക്കാം. ജനന നിരക്ക് ആയിരത്തിന് 27 ആയി ചുരുങ്ങിയിട്ടുണ്ട്. അത് ഇപ്പോൾ കുറേക്കൂടി ചുരുങ്ങിയിട്ടുണ്ടായിരിക്കും.

ശ്രീ. ലോനപ്പൻ നമ്പാടൻ: വിദഗ്ദ്ധരല്ലാത്ത ഡാക്ടർമാർ കുടുംബാസൂത്രണ ശസ്ത്രക്രിയ നടത്തുന്നതിന്റെ ഫലമായി നിരവധി ആളുകൾ മരിക്കുകയും വളരെയധികം ആളുകൾ രോഗബാധിതരായിത്തീരുകയും ചെയ്ത വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവർക്ക് വേണ്ട സഹായം നൽകാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ കെ. പി. പ്രഭാകരൻ: അങ്ങനെ വളരെയേറെ ആളുകൾ മരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly